പതിമൂന്നാം കേരള നിയമസഭ
എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 2206

12.02.2013 ന് മറുപടിയ്ക്ക്

## വടക്കഞ്ചേരി (പാലക്കാട് ജില്ല) ഫയർ & റസ്ക്യൂ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ.ബാലൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
| എ). വടക്കഞ്ചേരി (പാലക്കാട് ജില്ല) ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ, എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) വടക്കഞ്ചേരി ഫയർ & റസ്ക്യൂ സ്റ്റേഷൻ പ്രവർത്തിക്കുന്നത് ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലാണ്. സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ പുതിയ മന്ദിര നിർമ്മാണത്തിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ;<br><br>ഡി) വടക്കഞ്ചേരി കെ.എസ്.ആർ.ടി.സി. ഡിപ്പോ പരിസരത്ത് നിന്നും അനുവദിച്ച ഭൂമി, വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ടോ; | സി) & ഡി) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക 56 സെന്റ് സ്ഥലം വടക്കഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പാലക്കാട് ഡിസ്ട്രിക്ട് കളക്ടർ മുഖേന ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഇ) | കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ പരിസരത്തുനിന്നും നിർദ്ദിഷ്ട ഫയർ സ്റ്റേഷനിലേക്ക്, വഴിക്കുള്ള സ്ഥലം വിട്ടുതരാൻ കെ.എസ്.ഇ.ബി. തയ്യാറായിട്ടുണ്ടോ ; | ഇ) | ഇല്ല |
| എഫ്) | ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്രയെന്ന് വ്യക്തമാക്കുമോ; നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ? | എഫ്) | ഉണ്ട്, സ്റ്റേഷൻ നിർമ്മാണത്തിന് ബഡ്ജറ്റിൽ 5,01,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ